# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 02.01.2026**

## പ്രധാനവാർത്തകൾ

1. പതിമൂന്നാമത് ദേശീയ സരസ് മേളയ്ക്ക് ഇന്ന് പാലക്കാട് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
2. കേരള ഹൈക്കോടതിയിലെ പുതിയ ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൗമെൻ സെൻ ചുമതലയേൽക്കും.
3. തീവ്ര വോട്ടർപട്ടികാ പരിഷ്കരണത്തിന്റെ ഹിയറിങ്ങിനുള്ള നടപടികൾ പുരോഗമിക്കുന്നതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ. നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഇവിഎം, വിവിപാറ്റ് യന്ത്രങ്ങളുടെ പ്രാഥമികതല പരിശോധന നാളെ മുതൽ.
4. കുട്ടികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള വർണച്ചിറകുകൾ ചിൽഡ്രൻസ് ഫെസ്റ്റിന് തിരുവനന്തപുരത്ത് തുടക്കം.
5. സാമൂഹിക പരിഷ്കർത്താവ് മന്നത്ത് പത്മനാഭൻറെ 149-ാം ജയന്തി ഇന്ന്. സാമൂഹ്യ സേവനത്തിന് ജീവിതം സമർപ്പിച്ച മഹത് വ്യക്തിത്വമാണ് മന്നത്ത് പത്മനാഭനെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
6. ഭക്തജനത്തിരക്കിൽ ശബരിമല സന്നിധാനം. മകരവിളക്ക് തീർഥാടനകാലത്തെ പടിപൂജ ഈ മാസം 15 മുതൽ ആരംഭിക്കും.

RNU TVPM

## സരസ് മേള

പതിമൂന്നാമത് ദേശീയ സരസ് മേളയ്ക്ക് ഇന്ന് പാലക്കാട് തുടക്കമാകും. കുടുംബശ്രീ മിഷനും, കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും സംയുക്തമായി സംഘടിപ്പിക്കുന്ന മേള മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ചാലിശ്ശേരിയിൽ ഈ മാസം 11 വരെയാണ് മേള. വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി 250-ലേറെ സ്റ്റാളുകൾ മേളയിൽ അണിനിരക്കും. ഭക്ഷ്യവസ്തുക്കൾ, തുണിത്തരങ്ങൾ, കരകൗശല ഉത്പന്നങ്ങൾ, ആഭരണങ്ങൾ, ഗൃഹോപകരണങ്ങൾ എന്നിവയുടെ വിപണനവും മേളയിൽ ഒരുക്കിയിട്ടുണ്ട്.

## ജസ്റ്റിസ് സൗമെൻ സെൻ

കേരള ഹൈക്കോടതിയിലെ പുതിയ ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൗമെൻ സെൻ ചുമതലയേൽക്കും. നിലവിലെ ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ ഈ മാസം 9-ന് വിരമിക്കുന്ന ഒഴിവിലാണ് നിയമനം. ജസ്റ്റിസ് സെൻ നിലവിൽ മേഘാലയ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആണ്.

RNU TVPM

## എസ്.ഐ.ആർ

തീവ്ര വോട്ടർപട്ടികാ പരിഷ്കരണത്തിന്റെ ഭാഗമായി ഹിയറിങ് നടത്തേണ്ടവർക്ക് നോട്ടീസ് നൽകുന്ന നടപടി പുരോഗമിക്കുന്നതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസ് വൃത്തങ്ങൾ ആകാശവാണിയോടു പറഞ്ഞു. കരടു പട്ടിക പുറത്തിറക്കിയപ്പോൾ മുതൽ നോട്ടീസ് നൽകാനുള്ള നടപടികൾ ആരംഭിച്ചിരുന്നു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ നിർദേശിച്ചിട്ടുള്ള 13 രേഖകളിലൊന്നും അതിന്റെ പകർപ്പും ഹിയറിങ്ങിന് ഹാജരാക്കണം.

## നിയമസഭാ പൊതുതിരഞ്ഞെടുപ്പ്

2026-ലെ നിയമസഭാ പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന ഇവിഎം, വിവിപാറ്റ് യന്ത്രങ്ങളുടെ പ്രാഥമിക തല പരിശോധന നാളെ മുതൽ ആരംഭിക്കും. തിരുവനന്തപുരം കളക്ടറേറ്റിലാണ് നടപടിക്രമങ്ങൾ നടക്കുന്നത്. ഫെബ്രുവരി 16 വരെയാണ് പരിശോധന.

❁❁❁❁❁❁❁❁❁❁❁❁❁

## വീണാ ജോർജ് ( ഇൻട്രോ )

ബാല സുരക്ഷിത കേരളം എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് വനിതാ ശിശു ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നു വരുന്നതെന്ന് മന്ത്രി വീണ ജോർജ്. വർണച്ചിറകുകൾ ചിൽഡ്രൻസ് ഫെസ്റ്റിന്റെ ഉദ്ഘാടനവും ഉജ്ജ്വല ബാല്യ പുരസ്കാര വിതരണവും തിരുവനന്തപുരം വഴുതക്കാട് വിമൻസ് കോളേജിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

**( വോയിസ്....)**

ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ സർഗവാസന കണ്ടെത്തി പരിപോഷിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് ചിൽഡ്രൻസ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## എം ബി രാജേഷ്

സംസ്ഥാനത്തെ പഞ്ചായത്ത് പ്രസിഡന്റുമാരുമായി മന്ത്രി എം ബി രാജേഷ് നാളെ കൂടിക്കാഴ്ച നടത്തും. തൃശ്ശൂർ കില ആസ്ഥാനത്ത് രാവിലെയും വൈകിട്ടും രണ്ട് സെഷനുകളായി നടക്കുന്ന പരിപാടിയിൽ മന്ത്രി, നേരിട്ട് സംവദിക്കും. നേതൃപരമായ കഴിവുകൾ ശക്തിപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ പങ്കിനെ കുറിച്ചും യോഗത്തിൽ ചർച്ചകൾ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## മന്നം ജയന്തി

സാമൂഹിക പരിഷ്കർത്താവ് മന്നത്ത് പത്മനാഭൻറെ 149-ാം ജയന്തി ഇന്ന്. പെരുന്നയിലെ എൻ എസ് എസ് ആസ്ഥാനത്ത് ജയന്തി ആഘോഷങ്ങൾക്ക് തുടക്കമായി. സാമൂഹ്യ സേവനത്തിനായി ജീവിതം സമർപ്പിച്ച മഹത് വ്യക്തിത്വമാണ് മന്നത്ത് പത്മനാഭനെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അനുസ്മരിച്ചു. സാമൂഹിക അനാചാരങ്ങൾക്കെതിരെ സംഘടിത പ്രതിരോധമുയർത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുള്ള മന്നത്ത് പദ്മനാഭൻ ആധുനിക കേരളത്തെ രൂപപ്പെടുത്തിയ വ്യക്തിത്വങ്ങളിൽ ഒരാളാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

## വയനാട് പൂപ്പൊലി (ഇൻട്രോ)

വയനാട് ജില്ലയ്ക്ക് ആവേശമായി പൂപ്പൊലി - അന്താരാഷ്ട്ര പുഷ്പമേള. അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ മന്ത്രി പി. പ്രസാദ് മേളയുടെ ഔദ്യോഗിക ഉദ്ഘാടനം ഇന്ന് വൈകിട്ട് നിർവഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്...**

**( വോയിസ്....)**

## പ്രത്യേക ചർച്ചകൾ

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. ഇന്ന് രാത്രി 11 മണിക്ക് കാർഷികരംഗത്തിന്റെ ശാക്തീകരണം സംബന്ധിച്ച് ICAR കൃഷി വിജ്ഞാന കേന്ദ്ര മിത്ര നികേതൻ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ജി ചിത്ര സംസാരിക്കുന്നു.

RNU TVPM

## ലേബർ കോഡ്

രാജ്യത്ത് പ്രാബല്യത്തിൽ വന്ന നാല് പുതിയ ലേബർ കോഡുകളുമായി ബന്ധപ്പെട്ട കരട് ചട്ടങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തു. ഇത് സംബന്ധിച്ച എതിർപ്പുകളും അഭിപ്രായങ്ങളും പങ്കുവയ്ക്കാൻ 45 ദിവസത്തെ സമയം അനുവദിച്ചിട്ടുണ്ട്. രാജ്യത്ത് നിലനിന്നിരുന്ന ദശാബ്ദങ്ങൾ പഴക്കമുള്ള തൊഴിൽ നിയമങ്ങൾക്ക് പകരമാണ് 2025 നവംബർ 21 മുതൽ പുതിയ ലേബർ കോഡ് നിലവിൽ വന്നത്.

## ഉപരാഷ്ട്രപതി

രണ്ടുദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ തമിഴ്നാട്ടിലെത്തി. ചെന്നൈ ഡോ. എം.ജി.ആർ വിദ്യാഭ്യാസ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ 34-ാമത് ബിരുദദാന ചടങ്ങിലും, രാംനാഥ് ഗോയങ്ക സാഹിത്യ സമ്മാൻ ചടങ്ങിലും അദ്ദേഹം ഇന്ന് പങ്കെടുക്കും. നാളെ അദ്ദേഹം വെല്ലൂരിൽ നടക്കുന്ന ചടങ്ങിൽ പങ്കെടുക്കും. ചെന്നൈയിൽ 9-ാമത് സിദ്ധ ദിനാഘോഷത്തെയും ഉപരാഷ്ട്രപതി അഭിസംബോധന ചെയ്യും.

## ശബരിമല (ഇൻട്രോ)

ഭക്തജനത്തിരക്കിൽ ശബരിമല സന്നിധാനം. ഇന്ന് രാവിലെ 11 മണിവരെ 40,885 പേരാണ് ദർശനം നടത്തിയത്. മകരവിളക്ക് തീർഥാടനകാലത്തെ പടിപൂജ 15 മുതൽ 18 വരെ നടക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

**(വോയ്സ്)**

## ഭൂപാലി - സംഗീത പരിപാടി

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന ഹിന്ദുസ്ഥാനി സംഗീത പരിപാടി നാളെ തിരുവനന്തപുരത്ത് നടക്കും. വഴുതക്കാട് ടാഗോർ തിയേറ്ററിൽ വൈകിട്ട് 6.30നാണ്

RNU TVPM

പരിപാടി. കേരളത്തിലെ ആദ്യ വനിതാ പ്രൊഫഷണൽ സിത്താർ വാദകയായ ശ്രീജ രാജേന്ദ്രനും ഗസൽ അവതരണവുമായി ദിപൻവിത ചക്രവർത്തിയും വേദിയിലെത്തും. പ്രവേശനം സൗജന്യമാണ്.

☸☸☸☸☸☸☸☸☸☸☸☸☸

## കണ്ണൂർ - റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഇൻട്രോ)

അഗ്നിശമന സേനയുടെ ഫയർ ആൻഡ് സേഫ്റ്റി സയൻസ് പോസ്റ്റ് ഗ്രാജുവേറ്റ് ആൻഡ് റിസേർച്ച് സെന്റർ കണ്ണൂരിൽ ആരംഭിക്കും. കേന്ദ്രത്തിൻറെ ശിലാസ്ഥാപനം ഞായറാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

(വോയ്‌സ്)

☸☸☸☸☸☸☸☸☸☸☸☸☸

## തൊണ്ടി മുതൽ തിരി മറി കേസ്

വിദേശിയെ കേസിൽ നിന്ന് രക്ഷപ്പെടുത്താൻ തൊണ്ടിമുതലിൽ തിരിമറി നടത്തിയെന്ന കേസിൽ നാളെ വിധി പറയും. കോടതി ജീവനക്കാരനായിരുന്ന കെ.എസ്.ജോസും അന്ന് അഭിഭാഷകനായിരുന്ന ആന്റണി രാജു എം.എൽ.എയും യഥാക്രമം ഒന്നും രണ്ടും പ്രതികളായ കേസിൽ മൂന്നര പതിറ്റാണ്ടിനു ശേഷം നെടുമങ്ങാട് മജിസ്ട്രേട്ട് കോടതിയാണ് വിധി പറയുന്നത്.

PNU TVPM

**Editor:SOFIA DANIEL, Source: 11.00AM NEWS, CNRT:SOFIA, Reader: NARENDRAMOHAN, DEO:PREETHA P NAIR**

## യുവതിയെ തള്ളിയിട്ട കേസ്

തിരുവനന്തപുരം വർക്കലയിൽ ട്രെയിനിൽ നിന്ന് യുവതിയെ തള്ളിയിട്ട കേസിൽ പ്രതിക്കെതിരെ റെയിൽവേ പൊലീസ് കുറ്റപത്രം സമർപ്പിച്ചു. പനച്ചമൂട് സ്വദേശി സുരേഷ് കുമാറാണ് പ്രതി. തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിലാണ് കുറ്റപത്രം സമർപ്പിച്ചത്. പുകവലി

എതിർത്തതിനെത്തുടർന്ന് കേരള എക്സ്പ്രസിലെ ജനറൽ കോച്ചിൽ നിന്ന് പാലോട് സ്വദേശിയായ ശ്രീക്കുട്ടിയെ പ്രതി പുറത്തേക്ക് തള്ളിയിടുകയായിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 390 പോയിൻറ് ഉയർന്ന് 85,579 ലും നിഫ്റ്റി 130 പോയിൻറ് നേട്ടത്തിൽ 26,277 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവിലയിൽ വർധന. പവന് 840 രൂപ കൂടി തൊണ്ണൂറ്റി ഒൻപതിനായിരത്തി എണ്ണൂറ്റി എൺപത് രൂപയും ഗ്രാമിന് 12,485 രൂപയുമാണ് ഇന്നത്തെ വില.

☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸
☸☸☸☸☸☸☸
☸☸☸☸☸
☸☸☸
☸☸
☸

RNI TVPM